**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1365** **07-10-2021 - ൽ മറുപടിയ്ക്ക്**

**ഡയറ്റ്-ലെ ലക്ചറർ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യൂ കുഴൽനാടൻ | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഡയറ്റ്-ലെ ലക്ചറർ നിയമനങ്ങൾക്കായി 2011-ൽ സവിശേഷാൽ ചട്ടങ്ങൾ രൂപീകരിച്ച ശേഷം ആയതിലെ അപാകതകൾ പരിഹരിച്ച് ആനുപാതിക ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. 2011-ൽ നിലവിൽ വന്ന ഡയറ്റ് വിശേഷാൽ ചട്ടങ്ങളിലെ അപാകതകൾ പരിഹരിച്ച് കൊണ്ടുള്ള പുതുക്കിയ സ്പെഷ്യൽ റൂൾ 19.02.2021 ലെ ജി.ഒ.(പി) നം.9/2021/പൊ.വി.വ പ്രകാരം നിലവിൽ വന്നു. അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന ഡയറ്റ് അധ്യാപകർ തങ്ങളെ ഡയറ്റ് ലക്ചറർ തസ്തികയിൽ ക്രമീകരിക്കണം എന്ന് ആവശ്യപ്പെട്ട് 702/2021 നമ്പറായി ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഒ.എ. ഫയൽ ചെയ്തു. പ്രസ്തുത ഒ.എ.യിലെ 25.3.2021 ലെ ഇടക്കാല ഉത്തരവുപ്രകാരം 89 ലക്ചറർ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സ്റ്റേ ചെയ്തിരുന്നു. സ്റ്റേ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | 2011-ലെ സവിശേഷാൽ ചട്ടങ്ങളിൽ ഉണ്ടായിരുന്ന അപാകതകൾ പരിഹരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പരിഹരിച്ചത്; അപാകതകൾ പരിഹരിച്ചെങ്കിൽ ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള തടസ്സത്തിന് കാരണം വ്യക്തമാക്കുമോ; | (ബി) | ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. 2011-ൽ നിലവിൽ വന്ന ഡയറ്റ് വിശേഷാൽ ചട്ടങ്ങളിലെ അപാകതകൾ പരിഹരിച്ച് കൊണ്ടുള്ള പുതുക്കിയ സ്പെഷ്യൽ റൂൾ 19.02.2021 ലെ ജി.ഒ.(പി) നം.9/2021/പൊ.വി.വ പ്രകാരം നിലവിൽ വന്നു. അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന ഡയറ്റ് അധ്യാപകർ തങ്ങളെ ഡയറ്റ് ലക്ചറർ തസ്തികയിൽ ക്രമീകരിക്കണം എന്ന് ആവശ്യപ്പെട്ട് 702/2021 നമ്പറായി ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഒ.എ. ഫയൽ ചെയ്തു. പ്രസ്തുത ഒ.എ.യിലെ 25.3.2021 ലെ ഇടക്കാല ഉത്തരവുപ്രകാരം 89 ലക്ചറർ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സ്റ്റേ ചെയ്തിരുന്നു. സ്റ്റേ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | 2011-ലെ സവിശേഷാൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരുന്ന 1 : 1 എന്ന അനുപാതത്തിൽ 2011 | (സി) | 2021 ലെ ജി.ഒ(പി) നം.9/2021/പൊ.വി.വ പ്രകാരം നിലവിൽ വന്ന പുതുക്കിയ സ്പെഷ്യൽ റൂളിലെ |

| | | | |
|---|---|---|---|
| | മുതലുള്ള ഒഴിവുകളിൽ ലക്ചറർ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം നടത്തുമോ; അറിയിക്കാമോ; | | അനുപാതവും തസ്തികകളും അനുസരിച്ചാണ് ലക്ചറർ തസ്തികയിലേക്കുള്ള നിയമനം നടത്തുന്നത്. |
| (ഡി) | 2011-ലെ സവിശേഷാൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരുന്ന 1 : 1 എന്ന അനുപാതത്തിന് വിരുദ്ധമായി നിലവിൽ അന്യത്ര വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരെ തസ്തികമാറ്റം വഴി സ്ഥിരപ്പെടുത്തുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | അന്യത്ര സേവന വ്യവസ്ഥയിൽ കെ.എസ്.&എസ്.എസ്.ആർ ചട്ടം 9(ബി) പ്രകാരം നിയമിതരായ ലക്ചറർമാരുടെ നിയമനം വിശേഷാൽ ചട്ടപ്രകാരം സ്ഥിരനിയമനം നടത്തുന്നവരെയാണെന്ന കർശന വ്യവസ്ഥയോടുകൂടിയാണ് 16.11.2018 ലെ സ.ഉ.(സാധാ) നം.4788/2018/പൊ.വി.വ പ്രകാരം അദ്ധ്യാപകരെ ലക്ചറർ തസ്തികയിൽ നിയമിച്ചത്. ടി അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ